# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3312 19.10.2016-ൽ മറുപടിയ്ക്ക്

## ജാതി സർട്ടിഫിക്കറ്റ്

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | ഒറ്റപ്പാലം താലൂക്കിലെ ഒറ്റപ്പാലം I വില്ലേജിലെ വരോട് നാലാം മൈൽ നിവാസികളായ ശ്രീ.മാധവനും കുടുംബവും ഉൾപ്പെടുന്ന 4 കുടുംബങ്ങളിലെ പതിനഞ്ചോളം പേർ പട്ടികവർഗ്ഗ ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചു കിട്ടുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നുവോ; എങ്കിൽ ആ അപേക്ഷയിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (എ) | ശ്രീ.മാധവനും കുടുംബവും ഉൾപ്പെടുന്ന 4 കുടുംബങ്ങളിൽപ്പെട്ടവർ പട്ടികവർഗ്ഗ ജാതി സർട്ടിഫിക്കറ്റ് കിട്ടുന്നതിനായി ഒറ്റപ്പാലം തഹസീൽദാർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ഇവരുടെ ജാതി നിർണ്ണയം സംബന്ധിച്ച് കിർത്താഡ്സ് നടത്തിയ നരവംശശാസ്ത്ര അന്വേഷണത്തിൽ, മേൽ പ്രദേശത്ത് താമസിക്കുന്ന ശ്രീ.മാധവൻ ഉൾപ്പെടുന്ന കുടുംബാംഗങ്ങൾ പട്ടികവർഗ്ഗ 'മലയൻ' വിഭാഗത്തിന്റെ സ്വഭാവ സവിശേഷതകളുമായി സാമ്യം പുലർത്തുന്ന 'ആളർ' വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ഇവർക്ക് പട്ടികവർഗ്ഗ 'മലയൻ' സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ അപാകതയില്ലെന്ന് തഹസീൽദാരെ അറിയിച്ചിരുന്നു. എന്നാൽ 'ആളർ' സമുദായത്തിന്റെ പേർ ഭരണഘടനാ പട്ടികയിൽ ഇല്ലാത്തതിനാൽ മലയ വിഭാഗത്തിൽ ഉൾപ്പെടുന്ന ഈ വിഭാഗക്കാരെ പ്രത്യേക അന്വേഷണം നടത്തി മലയ സർട്ടിഫിക്കറ്റാണ് നൽകിവരുന്നത്. |
| (ബി) | ഒറ്റപ്പാലം വരോട് നാലാം മൈൽ ചേരി കോളനിവാസികൾ പട്ടികവർഗ്ഗത്തിൽ പ്പെടുന്നവരാണെന്ന കിത്താർഡ്സിന്റെ 10.07.2012-ലെ ഡി1 2593/11 നമ്പർ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച് ഒറ്റപ്പാലം വരോട് നാലാം മൈൽ ചേരികോളനി നിവാസികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിയമപരമായ തടസ്സം എന്തെങ്കിലും ഉണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | കിർത്താഡ്സ് അന്വേഷണത്തിൽ 'ആളർ' സമുദായത്തിൽപ്പെട്ടവരാണെന്ന് കണ്ടെത്തിയ ഇവർക്ക് പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാകണമെങ്കിൽ ടി സമുദായത്തെ ആർട്ടിക്കിൾ 342(2) പ്രകാരം സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിലുൾപ്പെടുത്തി ഭരണഘടനാ ഭേദഗതി വരുത്തേണ്ടതുണ്ട്. എന്നാൽ കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് തടസ്സമില്ല. |

സെക്ഷൻ ഓഫീസർ